# സൂഫിസം പണ്ഡിതൻമാരുടെ ദൃഷ്ടിയിൽ

**ഗ്രന്ഥകർത്താവ്:** കെ.പി. മുഹമ്മദ് ബിൻ അഹ്മദ് (رحمه الله)
**അവലംബ ഗ്രന്ഥം:** സൂഫിസം

ഹിജ്റ: രണ്ടാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് സൂഫിസം രംഗപ്രവേശനം ചെയ്തു തുടങ്ങിയതെന്നു നേരത്തെ സൂചിപ്പിച്ചുവല്ലോ. ഇമാം അബൂഹനീഫ(رحمه الله), ഇമാം മാലിക്(رحمه الله) എന്നീ പണ്ഡിതൻമാരുടെ കാലത്ത് സൂഫിസം അറിയപ്പെട്ടിരുന്നില്ല. അതുകൊണ്ട് സൂഫിസത്തെക്കുറിച്ചു അവരുടെ അഭിപ്രായവും ഉദ്ധരിക്കപ്പെടാൻ സാധ്യതയില്ല.

എന്നാൽ, ഹിജ്റ: രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാപണ്ഡിതൻമാരിൽ വിശ്രുതനായിരുന്ന ഇമാം മുഹമ്മദ്ബ്നു ഇദ്രീസിശ്ശാഫിഈ(رحمه الله) (150–204) സൂഫിസത്തെക്കുറിച്ച് പറഞ്ഞ അഭിപ്രായം ഇബ്നുൽ ജൗസി(رحمه الله) (الإمام ابوا لفرج عبد الرحمن بن جوزى البغداى المتوفى 597 هـ) – തന്റെ ‘തൽബീസു ഇബ്‌ലീസ്’ (تلبيس ابليس) എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ഇങ്ങിനെ ഉദ്ധരിക്കുന്നു:

ما لَزِمَ اَحَدٌ الصوفيَةَ اَربَعِينَ يَوْماً فعادَ اِلَيْهِ عَقْلُهُ اَبَدًا.

“നാൽപതു ദിവസം ഒരാൾ, സൂഫിയായി കഴിഞ്ഞു കൂടിയാൽ, പിന്നെ അവന്റെ വിശേഷബുദ്ധി അവന് തിരിച്ചു കിട്ടുക എന്നത് ഒരിക്കലും ഉണ്ടാകുകയില്ല.”

ഇമാം ശാഫിഈ (رحمه الله)യുടെ മറ്റൊരുദ്ധരണി ഇങ്ങിനെയാണ്:

لو أنّ رَجُلاً تَصَوَّفَ اَوَّلَ النَّهارِ لاَ يأتِى الظهرَ حَتَى يَكُون احمق

“ഒരാൾ പകലിന്റെ അന്ത്യത്തിൽ സൂഫിയായാൽ ഉച്ചയാകുമ്പോഴേക്കും അയാൾ മഹാവിഡ്ഢിയായിത്തീരുന്നു.” (الفكر الصوفى – 33).

മുസ്‌ലിം വേഷമണിഞ്ഞ നിരീശ്വര നിർമ്മത വാദികളായ ചില കപടന്മാർ അന്നു രംഗത്തുണ്ടായിരുന്നു. അവർക്ക് (الزنادقة) സിൻദീക്വുകൾ എന്നായിരുന്നു പേർ പറഞ്ഞിരുന്നത്. ഏകവചനം സിൻദീക് (زنديق) ശുദ്ധഗതിക്കാരായ മുസ്‌ലിംകളെ വഞ്ചിച്ച് വഴിതെറ്റിക്കുവാനായി പുണ്യത്തിന്റെ പേരിൽ പല നൂതന ആരാധനമുറകളും കെട്ടിയുണ്ടാക്കി പ്രചരിപ്പിക്കുകയും അതിലേക്ക് ആളുകളെ ക്ഷണിക്കുകയും ചെയ്തിരുന്നു അവർ.

ബസ്വറയിലും പരിസരത്തുമാണ് സൂഫിസം ആദ്യമായി പ്രചരിച്ചത് എന്ന കാര്യം ഓർക്കുമല്ലോ. സൂഫികളെ സംബന്ധിച്ച് ഇമാം ശാഫിഈ (رحمه الله) മേൽ പ്രസ്താവന നടത്തിയിരുന്നത് അദ്ദേഹം ബസ്വ്റ ഉൾക്കൊള്ളുന്ന, ബഗ്ദാദിൽ താമസിച്ചിരുന്ന കാലത്തായിരിക്കുവാനാണ് സാധ്യത. പിന്നീട് ഇമാം ശാഫിഈ(رحمه الله) ഹി:199ൽ

‘മിസ്റി’ലേക്ക് താമസം മാറ്റി. ഈജിപ്തിൽവെച്ചു നടത്തിയ പ്രസ്താവനയിൽ സൂഫികൾക്ക് അദ്ദേഹം നൽകിയ ‘ഓമനപ്പേര്’ സിൻദീക്വുകൾ (الزنادقة) എന്നായിരുന്നു. അല്ലാഹുവിലും അന്ത്യനാളിലും വിശ്വാസമില്ലാത്ത, മുസ്ലിംകളെ വഞ്ചിക്കുവാനായി വേഷമണിഞ്ഞ, നിർമ്മതവാദികളാണ് സൂഫികൾ എന്നു സാരം. ഇമാം ശാഫിഈ(رحمه الله) പ്രസ്താവിക്കുന്നു:

"تركت بغداد وقد احدث الزّنادقة فيها شيئاً يُسْمّنهُ السَّمَاعُ "

“ഞാൻ ബാഗ്ദാദ് വിട്ടു പോന്നു. അവിടെ സിന്ദീക്വുകൾ (الزنادقة) “ശ്രവണം” (السماع) എന്ന പേരിൽ പുതുതായി എന്തൊക്കെയോ നിർമ്മിച്ചുണ്ടാക്കിയിരിക്കുന്നു.” ഇതിലെ സനാദിക്വത്ത് (الزنادقة) കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് സൂഫികളും, ശ്രവണം (السماع) കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് സൂഫികളുടെ ദിവ്യപ്രേമഗാനങ്ങളുമാണെന്നാണ് പ്രബലമായ പണ്ഡിതാഭിപ്രായം.

ഇമാം ശാഫിഈ(رحمه الله)വിന്റെ ശിഷ്യനും, ഹൻബലീ മദ്ഹബിന്റെ ഇമാമുമായ അഹ് മദ്ബ്നു ഹൻബലി(رحمه الله)ന്നും (മരണം ഹി:241) സൂഫികളെക്കുറിച്ച് നല്ല അഭിപ്രായ മായിരുന്നില്ല. സൂഫികളുമായി ബന്ധപ്പെടുന്നതിൽ നിന്നു ആളുകളെ അകറ്റി നിർത്തുന്ന ധാരാളം ഉദ്ധരണികൾ അദ്ദേഹത്തിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഹാരിഥുൽ മുഹാസിബീ (حارث المحاسبى) എന്നു പേരായ ഒരു സൂഫി, ഇമാം ഹൻബലി(رحمه الله)ന്റെ കാലത്ത് ഉണ്ടായിരുന്നു. അദ്ദേഹം ബസ്വറയിലാണ് ജനിച്ചത്. ക്രിസ്താബ്ദം 857-ൽ ബഗ്ദാദിൽ മരണപ്പെടുകയും ചെയ്തു. ഓരോരുത്തരും തന്റെ തെറ്റുകളെ സംബന്ധിച്ച് ആത്മവിചാരണ നടത്തുക (محاسبة النفس) എന്ന സൂഫികളുടെ ശിക്ഷണ നടപടിയിൽ കൂടുതൽ വ്യാപൃതനായത് കൊണ്ടായിരുന്നു അദ്ദേഹത്തിന് (المحاسبى) ആത്മവിചാരണ നടത്തുന്നവൻ എന്ന വിശേഷണനാമം ലഭിച്ചത്. ഇദ്ദേഹത്തിന്റെ മതപരമായ കാര്യങ്ങളിലുള്ള പ്രസ്താവനകളെ സംബന്ധിച്ച് ഒരാൾ അഹ്മദ്ബ്നു ഹൻബൽ(رحمه الله)നോട് ചോദിക്കുകയുണ്ടായി. അതിന് അദ്ദേഹം നൽകിയ മറുപടി ശ്രദ്ധേയമാണ്.

لا ارى لك ان تجالسهم

“നീ അവരുടെ സദസ്സുകളിൽ സംബന്ധിച്ചു അവരുടെ സംസാരം കേട്ടിരിക്കുന്നത് നിനക്കൊരു നല്ല കാര്യമായി ഞാൻ കാണുന്നില്ല.”

സന്യാസസദൃശ്യമായ സുഹ്ദി (زهد) ലും സൂഫിസത്തിലും വ്യാപൃതനായിരുന്ന ഹാരിഥുൽ മുഹാസിബിയുടെ അഭിപ്രായങ്ങളെ ഇമാം അഹ്മദ്ബ്നു ഹൻബൽ(رحمه الله) തുടങ്ങിയ സലഫീ പണ്ഡിതൻമാർ ഖണ്ഡിച്ചു പറഞ്ഞുകൊണ്ടിരുന്നുവെന്നത് ഒരു ചരിത്ര സത്യമാണ്. അഹ്മദ്ബ്നു ഹൻബൽ(رحمه الله)വിനു ശേഷം വന്ന പ്രസിദ്ധ പണ്ഡിതനായ ഇമാം അബൂസർഅത്തിദ്ദിമിശ്ക്വീ (رحمه الله) (الإمام ابوزرعة الدمشقى) ഹാരിഥുൽ മുഹാസിബിയുടെ ഗ്രന്ഥങ്ങളെ സംബന്ധിച്ചു പ്രസ്താവിച്ചത് كتب بدع و ضلالة “അനാചാരങ്ങളുടെയും ദുർമാർഗങ്ങളുടെയും ഗ്രന്ഥങ്ങൾ” എന്നായിരുന്നു. ആ ഗ്രന്ഥങ്ങൾ അംഗീകരിക്കുന്ന വരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം: ما اسرع الناس الى البدع “ആളുകൾ എത്ര വേഗത്തിലാണ് അനാചാരങ്ങളിലേക്ക് കുതിക്കുന്നത്.” എന്നായിരുന്നു.

ഹിജ്റാബ്ദം 487-ൽ മരണപ്പെട്ട ഇമാം ബസ്ദവീ (الإمام أبو يسر محمد بن عبد الكريم البسدوى) 'മതത്തിന്റെ അടിസ്ഥാനങ്ങൾ' (اصول الدين) എന്ന തന്റെ ഗ്രന്ഥത്തിൽ സൂഫികളെക്കുറിച്ചു വളരെയേറെ ഉപന്യസിച്ചിട്ടുണ്ട്. അവരുടെ അവാന്തര വിഭാഗങ്ങളെക്കുറിച്ചു വിസ്തരിക്കുകയും ചെയ്തിട്ടുണ്ട്. "ഇവരിൽ ചിത്ത അഭിപ്രായങ്ങൾ പ്രത്യക്ഷപ്പെടുകയും, അല്ലാഹു ഇഷ്ടപ്പെട്ട അടിമകൾക്ക് നമസ്കരിക്കുകയോ നോമ്പനുഷ്ഠിക്കുകയോ ചെയ്യേണ്ടതില്ല: വ്യഭിചരിക്കുകയും കള്ളു കുടിക്കുകയുമൊക്കെ ചെയ്യാം തുടങ്ങിയ പ്രസ്താവനകൾ നടത്തുകയും ചെയ്യുന്നു" എന്നിങ്ങനെ അദ്ദേഹം ഇവരെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. എന്നിട്ടു, അദ്ദേഹം ഇങ്ങിനെ രേഖപ്പെടുത്തുന്നു:

الى الزندقة شر عباد الله مال مذهبهم

"അല്ലാഹുവിന്റെ അടിമകളിൽ ഏറ്റവും നാശം പിടിച്ചവർ. അവർ വരിച്ച മാർഗ്ഗം നിരീശ്വരത്വത്തിലേക്കാണ് ചായുന്നത്."

ഹിജ്റ 597 -ൽ അന്തരിച്ച ഇബ്നുൽ ജൗസീ (رحمه الله) സൂഫിസത്തെ ഖണ്ഡിക്കുവാൻ (تلبيس ابليس) എന്ന പേരിൽ ഒരു മഹാഗ്രന്ഥം തന്നെ രചിച്ചിരിക്കുന്നു. പ്രസിദ്ധ ചരിത്രകാരനായ അബ്ദുറഹ്മാനിബ്നു ഖൽദൂൻ (عبد الرحمن بن خلدون) (ക്രസ്താബ്ദം 1332–1406) തന്റെ 'മുക്വദ്ദിമത്തുബ്നി ഖൽദൂൻ' (مقدمة ابن خلدون) എന്ന ഗ്രന്ഥത്തിന് നിർവചനം നൽകിയതിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു:

التّصوّفُ مِنَ العلوم الشّرعِيَّةِ المستحدثة

"സൂഫിസം പുതുതായി രൂപം കൊണ്ട മതവിജ്ഞാനങ്ങളിൽപ്പെട്ടതാണ്."

തത്വജ്ഞാനം എന്നർത്ഥമുള്ള صوفيا (സൂഫിയാ) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് സൂഫിസം ഉത്ഭവിച്ചത് എന്നതിന് തെളിവായി ജോർജ്ജ് സൈദാൻ (جورج زيدان) തന്റെ അറബിഭാഷാ സാഹിത്യചരിത്രത്തിൽ (تاريخ اداب اللغة العربية) ഇങ്ങനെ പറഞ്ഞിട്ടുണ്ട്:

ويؤيد ذلك أنهم لم يظهروا بعلمهم هذا ولا عرفوا بهذه الصفة الا بعد ترجمة كتب اليونان ودخول لفظ الفلسفة فيها (تاريخ اللغة العربية – ج :2 باب التصوف)

"ഗ്രീക്ക് പുസ്തകങ്ങൾ പരിഭാഷപ്പെടുത്തുകയും (ഫൽസഫ) എന്ന പദം അതിൽ കടന്നുവരികയും ചെയ്ത ശേഷമാണ് സൂഫിസം അവരുടെ വിജ്ഞാനമായി രംഗത്ത് വന്നതും സൂഫീസ്വഭാവത്തിൽ അവരെ പരിചയപ്പെട്ടിട്ടുള്ളതും."

മാത്രമല്ല, സൂഫിസത്തിന്റെ ഉത്ഭവം തന്നെ പരിശുദ്ധ ക്വുർആനിൽ നിന്നോ നബി(ﷺ)യുടെ ചര്യയിൽ നിന്നോ സ്വഹാബാ ക്വിറാമിന്റെ സച്ചരിതങ്ങളിൽ നിന്നോ ആയിരുന്നില്ല. ഇന്ത്യ, പേർഷ്യ, ഗ്രീസ് പോലെയുള്ള നാടുകളിലെ, ഇസ്ലാമിന്നു മുമ്പുള്ള (ജാഹിലിയ്യാ കാലത്തുള്ള) വിജ്ഞാനങ്ങളിൽ നിന്നാണെന്നാണ് ശരിയായ ചരിത്രാഭിപ്രായം. ആ വിജ്ഞാനങ്ങൾ അബ്ബാസിയാ ഭരണകാലത്ത്, പ്രത്യേകിച്ച് ഖലീഫാ മഅ്മൂനിന്റെ ഭരണകാലത്ത് അറബിഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതുമാണ്. അത് വെറും ഭൗതിക വിജ്ഞാനമെന്ന നിലക്ക് പണ്ഡിതന്മാർ വിലയിരുത്തുകയും മതവിജ്ഞാനത്തിൽ കൂട്ടിക്കുഴക്കാതെ വേറിട്ടു നിർത്തുകയും ചെയ്യുകയായിരുന്നുവെങ്കിൽ കുഴപ്പമൊന്നും

ഉണ്ടാകുമായിരുന്നില്ല. ഒരു പക്ഷേ, അതിൽ ചിലവശം മുസ്‌ലിംകളുടെ ഭൗതിക പുരോഗതിക്ക് സഹായകവും ആകുമായിരുന്നു: ചിലതെല്ലാം അങ്ങനെ ആയിട്ടുമുണ്ട്. ആ നല്ല കാര്യം സമ്മതിക്കുന്നതോടൊപ്പംതന്നെ, അത്കൊണ്ട് മതവിജ്ഞാനരംഗത്ത് പറഞ്ഞാലവസാനിക്കാത്ത ഒരുപാട് വിപത്തുകൾ ഉണ്ടായിട്ടുണ്ട് എന്ന സത്യവും എടുത്തു പറയേണ്ടിയിരിക്കുന്നു. അതിലെ الالهيات (ദൈവികശാസ്ത്ര) ത്തിൽ നിന്നും മിനഞ്ഞെടുത്ത തത്വങ്ങൾക്ക് ചുവടൊപ്പിച്ച് علم الكلام (ഇൽമുൽ കലാം) എന്ന വിശ്വാസ ശാസ്ത്രം നിർമ്മിച്ചു. അങ്ങനെ ക്വുർആനിലും ഹദീഥിലുമില്ലാത്ത الجوهر، العرض، واجب الوجود തുടങ്ങിയ പല നൂതനാശയങ്ങളും വിശ്വാസ ശാസ്ത്രത്തിൽ കടന്നു വന്നു. അദ്വൈതവാദം (وحدة الوجود), സന്യാസം (التنسك الهندى), സുഹ്ദ് (زهد), സൂഫിസം തുടങ്ങി പലതും അക്കൂട്ടത്തിൽപ്പെട്ടതാകുന്നു. തത്ഫലമായി ക്വുർആനും സുന്നത്തും അടിസ്ഥാനമാക്കി സത്യാസത്യവിവേചനം ചെയ്യുന്ന പതിവ് മുസ്‌ലിം പണ്ഡിതന്മാർ നിർത്തിവെക്കുകയും ചെയ്തു. പരിശുദ്ധ ക്വുർആനിലൂടെയും തിരുസുന്നത്തിലൂടെയും മതം പഠിക്കുകയും ആ രണ്ടു മാനദണ്ഡങ്ങൾക്കനുകൂലമായതു കൊള്ളുകയും അല്ലാത്തവ തള്ളുകയും ചെയ്യുന്ന പൂർവ്വ മുസ്‌ലിംകളുടെ സമ്പ്രദായം തുടർന്നുവരികയും ചെയ്യാമായിരുന്നു. പക്ഷേ, സൂഫിസത്തിന്റെ ഒഴുക്കിൽ ആ രണ്ടു മാനദണ്ഡങ്ങളും മുസ്‌ലിംലോകം തള്ളി ക്കളയുന്നതുകൊണ്ട് ഓരോരുത്തർക്കും കൗതുകമായിത്തോന്നിയ എല്ലാ പുതിയതും മുസ്‌ലിംകൾ വാരിപ്പുണരാൻ ഇടവരികയും ചെയ്തു. അങ്ങിനെയാണ് ഈ സൂഫിസവും മുസ്‌ലിംകൾക്കിടയിൽ കടന്നുവരാനിടയായതും. آداب اللغة العربية ''അറബി ഭാഷാസാഹിത്യം'' എന്ന ഗ്രന്ഥത്തിൽ (വാള്യം 1 പേജ് 17-ൽ) പ്രസ്താവിക്കുന്നത് വളരെ ശരിയാണ്.

والمظنون أن تلك الفلسفة كانت أساساً لتعليم الصوفية التى نشأت بعد ذلك .

"പിൽക്കാലത്ത് വളർന്നു വന്ന സൂഫിസത്തിന്റെ പഠനങ്ങൾക്ക് അടിസ്ഥാനമായി നിന്നത് പ്രസ്തുത ഫൽസഫയായിരുന്നുവെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു." അറബിഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ട 'ഫൽസഫ', മുസ്‌ലിം മതചിന്തകളിൽ വരുത്തി വെച്ച ആപത്തുകളുടെ ആഴം കണ്ടറിഞ്ഞ മഹാപണ്ഡിതൻ ശൈഖുൽ ഇസ്‌ലാം തകിയുദ്ദീൻ അഹ്മദ്ബ്നു അബ്ദിൽ ഹലീമിബ്നി തീമിയ്യ (تقى الدين أحمد بن عبد الحليم ابن تيمة) (ക്രിസ്താബ്ദം 1263 -1328), ഖലീഫ മഅ്മൂനിനെ സംബന്ധിച്ച് ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി.

ما أظنُّ الله يغْفل عن المأمون ولا بدّ أن يعاقبه على ما أدخله على هذه الأمة . (تاريخ الفلاسفة ص – 253)

''ഖലീഫാ മഅ്മൂനിനെ സംബന്ധിച്ച് അല്ലാഹു അശ്രദ്ധനാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ സമുദായം (മുസ്‌ലിം സമുദായം) അദ്ദേഹം പുതുതായി കടത്തിവിട്ടവ(ഫൽസഫ)യുടെ പേരിൽ അല്ലാഹു അദ്ദേഹത്തെ ശിക്ഷിക്കാതിരിക്കുകയുമില്ല.''

ഇന്ത്യ, പേർഷ്യ, ഗ്രീസ് തുടങ്ങിയ നാടുകളിലെ തത്വജ്ഞാനമായ ഫൽസഫയിൽ ആകൃഷ്ടരായ സമർത്ഥർ ചേർന്നു അന്ന് ഒരു രഹസ്യസംഘടനക്ക് രൂപം നൽകി പ്രവർത്തിച്ച് പോന്നിരുന്നു. ''ഇഖ്‌വാനുസ്സ്വഫാ'' (اخوان الصفا) എന്നായിരുന്നു സംഘടനയുടെ നാമം. ''സംശുദ്ധിയുടെ സഹോദരങ്ങൾ'' എന്നാണതിന്റെ സാരം. ഇവരുടെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും, അവർ രചിച്ച കൃതികൾക്ക് റസാഇലു

ഇഖ്‌വാനിസ്സ്വഫാ (رسائل اخوان الصفا) എന്നു പറയുന്നു. മതപരമായി നോക്കിയാൽ ഏതാണ്ട് സൂഫികളുടെ ലക്ഷ്യം തന്നെയായിരുന്നു ഇവർക്കുമുണ്ടായിരുന്നത്. അതായത് പരലോകവിജയം എന്നതിനു പകരമായി ആത്മാവിന്റെ ശാശ്വതവിജയവും അതിന്നു വേണ്ടിയുള്ള പരിശ്രമവും നിലവിലുള്ള മുസ്‌ലിം ഭരണത്തിനെതിരായി ശീആ സ്വഭാവത്തിലുള്ള രാഷ്ട്രീയലക്ഷ്യവും ഇവർക്കുണ്ടായിരുന്നു. അത്കൊണ്ടായിരുന്നു അവരുടെ പ്രവർത്തനം രഹസ്യമായിരുന്നത്. ഇഖ്‌വാനുസ്സ്വഫയെ സംബന്ധിച്ച് അൽമുൻജിദി (المنجد) ൽ നൽകപ്പെട്ട പരാമർശത്തിൽ നിന്ന് ഇതു മനസ്സിലാക്കാം.

إخوان الصّفا : جمعية سياسية دينية شيعية ظهرت فى القرن العاشر وائخذت مقرها فى البصرة غايتها السعّى الى سعادة النفوس الخالدة نزعتهم الفلسفية هى نزعة اليونان والفرس والهند

“മതപരമായി ശീഈ സ്വഭാവമുള്ള ഒരു രാഷ്ട്രീയ സംഘടനയാണ് ഇഖ്‌വാനുസ്സ്വഫാ, പത്താം നൂറ്റാണ്ടിലാണ് ഇത് ജന്മമെടുത്തത്. പ്രവർത്തന കേന്ദ്രം ബസ്വറയും. ശാശ്വതമായ ആത്മവിശുദ്ധിയായിരുന്നു ലക്ഷ്യം. ഇന്ത്യാ, പേർഷ്യാ, ഗ്രീക്ക് തുടങ്ങിയ രാജ്യങ്ങളിലെ ഫൽസഫായിൽ നിന്നും അത് ഉരുത്തിരിഞ്ഞു.”

സൂക്ഷ്മമായി പരിശോധിച്ചാൽ ഇഖ്‌വാനുസ്സ്വഫായുടെ രണ്ടു ലക്ഷ്യങ്ങളും സൂഫികൾക്കു മുണ്ടായിരുന്നു. ആത്മാവിന്റെ ശാശ്വതവിജയമെന്ന ഒന്നാമത്തെ ലക്ഷ്യം സൂഫികൾക്കു മുണ്ടെന്നതിൽ സംശയമൊന്നുമില്ലല്ലോ. രണ്ടാമതായി സുന്നീ ഭരണകൂടമായ അബ്ബാസിയ ഭരണത്തിന് ഇഖ്‌വാനുസ്സ്വഫാ എതിരായ പോലെ സൂഫികളും എതിരായിരുന്നു. പക്ഷേ, ആസൂത്രിതമായി ബഹുജനങ്ങളെ ഭരണകൂടത്തിനു എതിരായി മാറ്റി എടുക്കുകയായിരുന്നു ഇവരുടെ തന്ത്രം. ഹല്ലാജി (حلاج) ന്റെ പ്രവർത്തനങ്ങളും, തുടർന്നുള്ള വധവും ശ്രദ്ധേയമാണ് ഇവിടെ. ഈ രണ്ടു വിഭാഗത്തിന്റെയും ഉത്ഭവം ഇസ്‌ലാമിൽ നിന്നായിരുന്നില്ല. രാഷ്ട്രീയ ലക്ഷ്യത്തോട് കൂടിയ ഫൽസഫയിൽ നിന്നായിരുന്നു. ഉത്ഭവവും വളർച്ചയും ബസ്വറയിലും, ഇഖ്‌വാനുസ്സ്വഫാ തനി നിരീശ്വര നിർമ്മതവാദികളായ സിൻദീക്വുകളായിരുന്നു. അതുപോലെ സൂഫികളും സിൻദീക്വുകൾ തന്നെയാണെന്നാണ് സൂഫിസത്തെ സംബന്ധിച്ച് ശരിക്ക് പഠനം നടത്തുകയും ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും ഇസ്‌ലാമിനെ ഗ്രഹിക്കുകയും ചെയ്ത സലഫീ പണ്ഡിതൻമാരുടെ അഭിപ്രായം. സൂഫിസം ബിദ്അത്തും (അനാചാരം) സൂഫികൾ മുബ്തദിഉകളും (അനാചാരപ്രിയൻമാർ) ആണെന്ന് അവർ വെട്ടിത്തുറന്ന് പ്രഖ്യാപിക്കുന്നു. മറിച്ച് അമ്പിയാക്കൾക്ക് ശേഷം ഏറ്റവും ശ്രേഷ്ഠരും മഹാൻമാരും സൂഫികളാണെന്ന് വാദിച്ചിരുന്ന ചിലരും ഉണ്ടായിരുന്നു. സൂഫിസത്തെക്കുറിച്ച് വേണ്ടത്ര പഠിച്ചിട്ടില്ലാത്ത, അനുകരണത്തിലൂടെ മാത്രം ഇസ്‌ലാമിനെ മനസ്സിലാക്കിയ, പണ്ഡിതൻമാരുടെ അഭിപ്രായമായിരുന്നു അത്. അല്ലാഹുവിങ്കൽ സാമീപ്യവും പ്രീതിയും സമ്പാദിക്കാൻ അനുയോജ്യമായ മാർഗം സൂഫിസമാണെന്ന് ഇവർ ധരിക്കുന്നു. എന്നാൽ ഈ രണ്ടിന്റെയും മധ്യത്തിലുള്ള ഒരഭിപ്രായമാണ് ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ (رحمه الله) (മരണം ഹി: 728)നുണ്ടായിരുന്നത്. അല്ലാഹുവിനു വഴിപ്പെട്ട് പുണ്യം നേടുന്നതിനുള്ള മാർഗത്തിലും സത്യം കണ്ടെത്താനുള്ള പരിശ്രമത്തിലും അബദ്ധം പിണഞ്ഞ, ശുദ്ധഗതിക്കാരായ ഒരു വിഭാഗം തന്നെയാണ് സൂഫികളും എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പിഴച്ച മാർഗത്തിലൂടെ ചരിക്കുന്ന അനാചാരപ്രിയരാണെന്നതിൽ എതിരില്ല. ഹല്ലാജി (الحسين بن منصور الحلاج قتل 309) നെപ്പോലെയുള്ള ധാരാളം കള്ള സൂഫികളും അവരിൽ ഉണ്ടായിരുന്നു എന്ന കാര്യം അദ്ദേഹവും വിസ്മരിക്കുന്നില്ല. അപ്പോൾ

സൂഫികളിൽ ശുദ്ധഗതിക്കാരും കപടൻമാരും ഉണ്ടായിരുന്നു എന്ന് സാരം. ഉദ്ദേശ്യം ശുദ്ധമായത്കൊണ്ട് മാത്രം അവർ ചെയ്തു കൂട്ടുന്ന അനിസ്ലാമിക പ്രവർത്തനങ്ങൾ ഒരിക്കലും ഇസ്ലാമികമാകുമായിരുന്നില്ലല്ലോ. അവർ മുബ്തദിഉകൾ അല്ലാതെയും ആയിത്തീരുന്നില്ല. ബിദ്അത്ത് പ്രചരിപ്പിക്കുന്നവരിൽ ചിലപ്പോൾ ശുദ്ധഗതി ക്കാരുണ്ടാകാറുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ശുദ്ധഗതിക്കുരുണ്ടെന്ന് സമ്മതിച്ചാൽ തന്നെ സൂഫികൾ മുച്ചൂടും ബിദ്അത്തുകാർ തന്നെ എന്ന് പറയുന്നതിൽ തെറ്റില്ല. എന്തായിരുന്നാലും നമുക്ക് അല്ലാഹുവിന്റെ റസൂൽ കൊണ്ടുവന്ന ഇസ്ലാംമതം മതി. അത് നബി(ﷺ)യുടെ മരണത്തോടെ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. അനിസ്ലാമിക ഫൽസഫകളിൽ നിന്നും ഉടലെടുത്ത സൂഫിസം ആവശ്യമില്ല. അത് മനുഷ്യാഭിപ്രായങ്ങളാണ്. മതത്തിൽ അത്തരം അഭിപ്രായത്തിന് സ്ഥാനമില്ല.

**സൂഫി എന്ന പദത്തിന്റെ ഉത്ഭവം:**

പരിശുദ്ധ ക്വുർആനിലോ, നബി(ﷺ)യുടെ തിരുവചനങ്ങളിലോ സഹാബാ കിറാമിന്റെ പ്രയോ ഗങ്ങളിലോ പരിശോധിച്ചാൽ കാണാൻ കഴിയാത്തതാണ് സൂഫി, സൂഫിസം എന്നൊക്കെ പരിഭാഷയുള്ള الصوفى ، التصوف ، الصوفية എന്നീ അറബി പദങ്ങൾ. സൂഫിസത്തിന്റെ പരിശുദ്ധിയെയോ, അംഗീകാരത്തെയോ കാണിക്കുന്ന യാതൊന്നും തന്നെ അവയിലൊന്നു മില്ല. الصوفى ، التصوف ، الصوفية എന്നീ പദങ്ങളൊന്നും തന്നെ ക്വുർആനിലോ നബിവചനങ്ങളിലോ സ്വഹാബികളുടെ പ്രയോഗങ്ങളിലോ ഇല്ലെന്നത് തന്നെ ഈ പദം ഇസ്ലാമികമല്ലെന്നതിനുള്ള തെളിവാണ്. ഈ പദത്തിന്റെ ഉത്ഭവം സംബന്ധിച്ച അഭിപ്രായം പലതാണ്. അതു നമുക്കു പരിശോധിക്കാം.

ഈ പദത്തിന്റെ ഉൽപത്തിയിലൂടെതന്നെ അതിന് നിലയും വിലയും ഉണ്ടാക്കാൻ ശ്രമിച്ച ചിലരുണ്ട്. صفاء ، الصفوة (ഹൃദയശുദ്ധി) എന്ന ധാതുവിൽ നിന്നാണ് അതിന്റെ ഉത്ഭവം എന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നബിയുടെ പള്ളിക്കോലായിൽ താമസിച്ചിരുന്ന, സ്വന്തം വീടില്ലാത്ത ചില സ്വഹാബികളുണ്ടായിരുന്നു. അവർക്ക് സ്വന്തം വീടു ലഭിച്ചാൽ അവർ പള്ളിയിൽ നിന്ന് വീട്ടിലേക്ക് താമസം മാറ്റുകയും ചെയ്തിരുന്നു. ഇവർക്ക് أهل الصفة (പള്ളിക്കോലായിൽ താമസിച്ചിരുന്നവർ) എന്ന് പേർ പറഞ്ഞിരുന്നു. അതിലെ الصفة എന്ന പദവുമായി ചേർത്താണ് സൂഫിയുണ്ടായതെന്നാണ് മറ്റൊരു അഭിപ്രായം. എന്നാൽ ഈ രണ്ടഭിപ്രായവും അറബിഭാഷയിലെ النسبة (ചേർത്തു പറയൽ) എന്ന വ്യാകരണ നിയമ പ്രകാരം ശരിയാകുകയില്ല. മൂന്നാമതായി പറയപ്പെടുന്ന അഭിപ്രായം, അറബികളിൽ ഇസ്ലാമിന് മുമ്പ് ഒരു കുടുംബമുണ്ടായിരുന്നു. صوفة بن بشر بن ودّ (സ്വൂഫത്ത്ബ്നു ബിഷറിബ്നി വദ്ദ്) എന്നായിരുന്നു ആ കുടുംബനാഥന്റെ പേർ. ഇവർ സന്യാസജീവിതം നയിച്ചവരായിരുന്നു. അത്കൊണ്ടു തന്നെ ഇതിലെ صوفة (സ്വൂഫത്ത്) ലേക്ക് ചേർത്താണ് സൂഫിയുണ്ടായത് എന്നാകുന്നു. ഈ അഭിപ്രായം, വ്യാകരണ നിയമപ്രകാരം ശരിയാണെങ്കിലും മറ്റു ചില കാരണങ്ങളാൽ തെറ്റാണ്. 1. ഇങ്ങിനെ ഒരു സന്യാസി കുടുംബം അറബികളിൽ ഉണ്ടായിരുന്നു എന്നത് ഈ സൂഫി സന്യാസികളിൽ അധികപരും അറിഞ്ഞിരുന്നില്ല. അവരിലേക്ക് ചേർത്തുകൊണ്ടാണ് സൂഫിസം ഉത്ഭവിച്ചതെങ്കിൽ അവരുടെ ചിന്താഗതിയും സ്വഭാവവും സൂഫികളിൽ ചിന്താവിഷയവും ചർച്ചയും ആയിത്തീരുമല്ലോ. 2. ഇസ്ലാമിനു മുമ്പുള്ള ഒരു കുടുംബവുമായി ബന്ധപ്പെട്ടുകൊണ്ടാണ് സൂഫിസം

ഉത്ഭവിച്ചതെങ്കിൽ നബി(ﷺ)യുടെയും, സഹാബികളുടെയും, താബിഉകളുടെയും കാലത്ത് തന്നെ ഈ പ്രയോഗം അറബിഭാഷയിൽ ഉണ്ടാവേണ്ടിയിരുന്നു. ചുരുക്കത്തിൽ ആ കുടുംബത്തിന്റെ സന്യാസജീവിതത്തെ സംബന്ധിച്ച് നബി(ﷺ)യിൽ നിന്ന് ഒരഭിപ്രായമെങ്കിലും ഉണ്ടാകുമായിരുന്നു. 3. ഇസ്‌ലാമിൽ ഒരു സ്ഥാനവുമില്ലാത്ത ജാഹിലീ കുടുംബത്തിലേക്ക് ചേർത്തു പറയുവാൻ മുസ്‌ലിം സൂഫികൾ ഒരിക്കലും ഇഷ്ടപ്പെടുകയില്ല. 4. രോമം കൊണ്ടുണ്ടാക്കിയ വസ്ത്രം എന്നർത്ഥമുള്ള الصوف (അസ്സ്വൂഫ്) എന്ന പദത്തിൽ നിന്നാണ് സൂഫിയുടെ ഉത്ഭവം എന്നാണ് മറ്റൊരഭിപ്രായം. ഉയരമുള്ള കമ്പിളിവസ്ത്രം ഇന്ത്യൻ സന്യാസികൾ ധരിക്കുക പതിവാണല്ലോ. അവരോട് സാമ്യമുള്ളവരായിരുന്നു ഈ സൂഫികളും. സൂഫികൾ കരിമ്പടധാരികളായിരുന്നതിനാൽ صوف (കരിമ്പടം) ധരിച്ചിരുന്നവർ എന്ന അർത്ഥത്തിൽ ഇവർക്ക് സൂഫികൾ എന്ന പേർ സിദ്ധിച്ചു. ഇതാണ് കൂട്ടത്തിൽ ഏറ്റവും ശരിയായ അഭിപ്രായം. ഇതിനു പല തെളിവുകളുമുണ്ട്.

(1) ابراهيم بن أدهم (ഇബ്റാഹീമുബ്നു അദ്ഹം) എന്ന രാജകുമാരനായ സൂഫിയുടെ കഥ സുപ്രസിദ്ധമാണല്ലോ. കഥ ശരിയാണോ എന്ന കാര്യത്തിൽ സംശയമുണ്ടെങ്കിലും ഒരു ആധികാരിക രേഖയുമാണത്. അദ്ദേഹം വേട്ടക്ക് പുറപ്പെട്ടപ്പോൾ ഒരു അശരീരിയുടെ സന്ദേശമുണ്ടായി. ‘‘ഇതിനാണോ നിന്നെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്’’ എന്ന്. അപ്പോൾ തന്റെ വാഹനപ്പുറത്തുള്ള ജീനിയുടെ ചെരിഞ്ഞ ഭാഗത്തുനിന്ന് കേട്ടു. ‘‘ഇതിനു വേണ്ടിയല്ല സൃഷ്ടിക്കപ്പെട്ടത്. ഇതു കൊണ്ടല്ല കല്പിക്കപ്പെട്ടിട്ടുള്ളത്’’ എന്ന്. ഇത് കേട്ടപ്പോൾ അദ്ദേഹം വാഹനപ്പുറത്തുനിന്നിറങ്ങി സൂഫിയാകാൻ പുറപ്പെട്ടു. അപ്പോൾ തന്റെ പിതാവിന്റെ ആട്ടിടയൻ ആട് മേയ്ക്കുന്നത് കാണുകയും താൻ വാഹനമായി ഉപയോഗിച്ചിരുന്ന കുതിരയെയും മറ്റു വസ്തുക്കളും അവനെ ഏൽപിച്ച് അവന്റെ കരിമ്പട ജുബ്ബ വാങ്ങി അദ്ദേഹം ധരിക്കുകയും ചെയ്തു. ത്വബകാത്തുസ്സൂഫിയ (طبقات الصوفية) യിൽ അബൂ അബ്ദിർ റഹ്മാനിസ്സലമീ ഉദ്ധരിച്ച കഥയാണിത്. ഇതിൽനിന്നും രാജകുമാരൻ ഇബ്റാഹീമുബ്നു അദ്ഹം കരിമ്പട വസ്ത്രം ധരിച്ച ശേഷമാണ് സൂഫീയാത്ര (സന്യാസിയാത്ര) തുടങ്ങിയതെന്ന് ഗ്രഹിക്കാമല്ലോ.

روى ابو الشيخ الاصفهانى باسناد عن محمد بن سيرين أنه بلغة انّ قوماً يُفضلونَ لباس الصوف
فقال: اِنَّ قوما يتخّيرن الصوف يقولون إنهم متشبّهون بالمسيح بن مريم وهدى نبينا أحبّ الينا
و كان النبى صلى الله عليه و سلم يلبس القطن وغيره . (الصوفية والفقراء لشيخ الاسلام ص / 12 ).

2. ‘‘മുഹമ്മദുബ്നു സീരീനിൽ നിന്ന് അബൂശൈഖുൽ ഇസ്ഫഹാനീ ഉദ്ധരിക്കുന്നു: ഒരു കൂട്ടം ആളുകൾ കരിമ്പട വസ്ത്രം ശ്രേഷ്ഠമാക്കുന്നതായി അദ്ദേഹത്തിന് വിവരം ലഭിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: ഒരു വിഭാഗം ആളുകൾ ‘ഞങ്ങൾ മർയമിന്റെ മകൻ ഈസായോട് സാമ്യപ്പെടുന്നവരാണെന്ന് വാദിച്ചുകൊണ്ട് കരിമ്പടത്തെ തിരഞ്ഞെടുക്കുന്നു. എന്നാൽ നമ്മുടെ നബിയുടെ ചര്യയാണ് നമുക്ക് ഏറ്റവും അഭികാമ്യം. നബി(ﷺ) പരുത്തിവസ്ത്രവും അല്ലാത്തതും ധരിച്ചിരുന്നു.’’ ഇതിൽ പറഞ്ഞ കരിമ്പട ധാരികൾ സൂഫികൾ തന്നെയാണ്.

3. മുസ്‌ലിം ചരിത്രത്തിലെ സുപ്രസിദ്ധ ചരിത്രകാരനും മതപണ്ഡിതനുമായ ഇബ്നുഖൽദൂൻ (ابن خلدون) ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ മുതലായ ചിന്തകരായ

പണ്ഡിതൻമാർ ഈ അഭിപ്രായത്തോടാണ് ചായ്‌വ് കാണിച്ചിട്ടുള്ളത്. ഇത്കൊണ്ടെല്ലാം ഈ അഭിപ്രായമാണ് ശരി എന്നാണ് ഈ ലേഖകനുമുള്ളത്. ഇതിന്നനുകൂലമായ ഒരു പദ്യശകലം ഓർക്കുന്നു.

تصوف فازهى بالصوف جهلاً
وما يغنى تصوفه الأمانة

''അദ്ദേഹം കരിമ്പടം ധരിച്ചു സൂഫിയായി. എന്നിട്ട് വിവരമില്ലായ്കയാൽ കരിമ്പടത്തിൽ അദ്ദേഹം അഹങ്കാരിയായി. അദ്ദേഹത്തിന്റെ കരിമ്പട ധാരണം കൊണ്ട് വിശ്വസ്തതക്ക് ഒരു ഗുണവും ലഭിക്കുകയില്ല''.

അഞ്ചാമത്തെ ഒരഭിപ്രായമുള്ളത്, തത്വജ്ഞാനമെന്നർത്ഥമുള്ള സ്വൂഫിയാ (صوفيا) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് സൂഫിസം എന്ന പദം രൂപം പൂണ്ടതെന്നാണ്. ഗ്രീക്ക് പോലെയുള്ള അനറബി നാട്ടുകാരുടെ ചിന്താഗതികളിൽ നിന്നാണല്ലോ ഈ സൂഫീ പ്രസ്ഥാനം തന്നെ ഉടലെടുത്തിട്ടുള്ളത്. അറബിയിലേക്ക് ഈ തത്വജ്ഞാനം വിവർത്തനം ചെയ്യപ്പെടുന്നതിനു മുമ്പ് ഈ പ്രസ്ഥാനം മുസ്‌ലിംകളിൽ ഉണ്ടായിരുന്നുമില്ല. തത്വജ്ഞാനം എന്നർത്ഥമുള്ള സൂഫിയാ (صوفيا) എന്ന പദത്തോട് ഇഷ്ടപ്പെടുന്നവൻ എന്നർത്ഥമുള്ള (فيلا) ഫൈലാ കൂട്ടിച്ചേർത്താണ് فيلا صوفيا എന്നായത്. തത്വജ്ഞാനത്തെ ഇഷ്ടപ്പെടുന്നവൻ എന്നർത്ഥമുള്ള ഈ പദത്തിൽ നിന്നാണ് അറബിയിൽ فيلسوف ഫൈലസൂഫ് ഉണ്ടായതെന്ന വസ്തുതയും സ്മരണീയമാണ്. ഈ അഭിപ്രായത്തെയാണ് ജോർജ്ജ് സൈദാൻ (جورج زيدان) 'ആദാബുല്ലുഗത്തിൽ അറബിയ്യ' (اداب اللغة العربية) യിൽ ബലപ്പെടുത്തിയിട്ടുള്ളത്. ചുരുക്കത്തിൽ സൂഫിസം എന്ന ഈ പദത്തിന്റെ ധാതുവെ സംബന്ധിച്ച പഠനം തന്നെ സാമാന്യബുദ്ധിയുള്ള ഒരു മനുഷ്യനെ സൂഫീ പ്രസ്ഥാനത്തിൽ നിന്നകറ്റുവാൻ തികച്ചും പര്യാപ്തമാണ്. രാവിലെ സൂഫിയായാൽ ഉച്ചയാകുമ്പോഴേക്കും അയാളുടെ ചിന്ത നഷ്ടപ്പെട്ട് വിഡ്ഢിയാകുമെന്നും നാൽപതു ദിവസം സൂഫിസത്തിൽ കഴിച്ചുകൂട്ടിയാൽ ബുദ്ധി നിശ്ശേഷം നഷ്ടപ്പെടുമെന്നും ഇമാം ശാഫിഈ(رحمه الله) പ്രസ്താവിച്ചത് എത്ര ചിന്താർഹം !.